# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2688 17.10.2016- ൽ മറുപടിയ്ക്ക്

## പ്രവാസി വ്യവസായികളുടെ ആശങ്ക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ്**<br>**ശ്രീ. വി.അബ്ദു റഹിമാൻ**<br>**ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ**<br>**ശ്രീ. കെ. വി. വിജയദാസ്** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |

എ) ഗൾഫ് നാടുകളിൽ നടന്നു വരുന്ന സ്വദേശി വൽക്കരണം കേരളത്തിലുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

ബി) ഈ രാജ്യങ്ങളിൽ ദീർഘകാലമായി മലയാളികൾ നടത്തിയിട്ടുള്ള ഭീമമായ നിക്ഷേപത്തെ സ്വദേശിവൽക്കരണം ബാധിക്കാനിടയുണ്ടെന്ന പ്രവാസി വ്യവസായികളുടെ ആശങ്ക ഗൗരവമായി കാണുന്നുണ്ടോ;

സി) എങ്കിൽ ഈ ആശങ്ക ദൂരീകരിക്കുന്നതിനാവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് സാധ്യമാകുന്നതെന്ന് അറിയിക്കാമോ?

എ) ബി) & സി) വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധിയും പ്രത്യേക തൊഴിൽ നയങ്ങളും കാരണം പ്രവാസി മലയാളികളുടെ ജോലി നഷ്ടപ്പെടാനും അവരുടെ ബിസിനസ്സ് സംരംഭങ്ങൾക്ക് പ്രത്യാഘാതങ്ങൾ ഉണ്ടാകാനും സാധ്യതയുണ്ട്. ഇക്കാരണത്താൽ ജോലി നഷ്ടപ്പെട്ട അനേകം പ്രവാസികൾ തിരിച്ച് വന്നതായി രേഖകളില്ല. ഏത് സാഹചര്യത്തിലായാലും പ്രവാസി മലയാളികളെ ശാശ്വതമായി പുനരധിവസിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പോലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തങ്ങളുടെ സമ്പാദ്യം നാട്ടിലെ ബിസിനസ് സംരംഭങ്ങളിൽ വിജയകരമായി നിക്ഷേപിക്കുന്നതിനും ചെറുകിട/വൻകിട വ്യവസായ സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകുന്നതിനുമായി എല്ലാ സഹായവും നല്കാൻ പദ്ധതി ആവിഷ്കരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ